എംപ്ലോയിമെൻറ് എക്സ്ചേഞ്ചു്.

* 144. [28] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 മേയ്മാസം 30-ാംതീയതി വരെ സംസ്ഥാനത്തെ എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ എത്രപേർ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) 1953-54-ൽ പേരു രജിസ്റ്റർചെയ്തവരുടെ എണ്ണം എത്ര?

(സി) അതിൽ എത്രപേർക്കു് തൊഴിൽ കിട്ടിയിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 108464 ;

(ബി) 25033 ;

(സി) 3838.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ.

* 145. [29] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് ആകെ എത്ര സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടു് ;

(ബി) എതെല്ലാം ;

(സി) അവയിൽ വർഷംതോറും ശരാശരി എത്ര കുട്ടികൾ പഠിക്കുന്നുണ്ടു് ;

(ഡി) ഈ വർഷം അങ്ങനെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 17;

(ബി) സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു ;

(സി) 2123 ;

(ഡി) 2032.

WRITTEN ANSWERS

സെൻട്രൽ വർക്സ് കമ്മിറ്റി അംഗീകരിച്ച പണികൾ.

* 146. [30] ശ്രീ. കെ. ടി. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ വർക്സ് കമ്മിറ്റി അംഗീകരിച്ച പണികൾ സബ്ഡിവിഷൻ കമ്മിറ്റികളടി അംഗീകരിക്കണമെന്നു് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

* Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് എല്ലാ സബ്ഡിവിഷൻ കമ്മിറ്റിക്കും കൂടിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല;

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പ്ലാനിംഗ് സ്പെഷ്യലാഫീസർ.

* 147. [32] ശ്രീ. ടി. എ. ദിവാകരൻ: താഴെ പറയുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി പറയുമോ;

(എ) തിരുവിതാംകൂർ-കൊച്ചി സെക്രട്ടേറിയേറ്റിൽ "പ്ലാനിംഗ് സ്പെഷ്യലാഫീസർ" എന്ന ഒരു പുതിയ ഉദ്യോഗം 1955 ജൂണിൽ സൃഷ്ടിച്ചിരുന്നോ; ഈ ഉദ്യോഗത്തിൽ ആരെ നിയമിച്ചു;

(ബി) ഈ ഉദ്യോഗം എത്രകാലത്തേക്കുള്ളതായിരുന്നു;

(സി) പിന്നീട് നിർത്തലാക്കാൻ കാരണമെന്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല;

(ബി, സി) ഉദിക്കുന്നില്ല.

കൃത്രിമ പട്ടുനൂൽ വ്യവസായം.

* 148. [33] ശ്രീ. കെ. പി. ഹോർമിസ്: താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ റയൺസിൽ ഉല്പാദിപ്പിക്കുന്ന കൃത്രിമ പട്ടുനൂൽ ഉപയോഗിച്ച് നെയ്ത്തുവ്യവസായം ആരംഭിക്കുന്നതിനു ഗവണ്മെൻറിനു എന്തെങ്കിലും നിർദ്ദേശത്തിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) എത്ര തൂക വിലവരുന്ന കൃത്രിമപ്പട്ടുവസ്ത്രത്തിനാണ് ഓരോ വർഷവും തിരുവിതാംകൂർ-കൊച്ചിയിലേക്കു പുറമേനിന്നും ഇറക്കുമതി ചെയ്യുന്നതുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല;

(ബി) ചോദ്യം ഉദിക്കുന്നില്ല;

(സി) ഏകദേശം 150,000 രൂപ വിലവരുന്ന കൃത്രിമപ്പട്ടുവസ്ത്രങ്ങൾ തിരുവിതാംകൂർ-കൊച്ചിയിലേക്കു പുറമേനിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly